കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - നെടുമങ്ങാട് മാസ്റ്റർ പ്ലാൻ പ്രസിദ്ധീകരിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ആർ.ഡി) വകുപ്പ്

സ.ഉ.(കൈ)നം. 127/2019/തസ്വഭവ *തിരുവനന്തപുരം, തീയതി 14/10/2019*

---

*പരാമർശം:*
1. സ.ഉ.(സാധാ)നം.1376/2012/തസ്വഭവ തീയതി 17.05.12
2. നെടുമങ്ങാട് ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 10/12/2012-ലെ I(A) നമ്പർ തീരുമാനം.
3. നെടുമങ്ങാട് നഗരസഭ കൗൺസിലിന്റെ 28/11/2017-ലെ XII (3) നമ്പർ തീരുമാനം.
4. നെടുമങ്ങാട് നഗരസഭ കൗൺസിലിന്റെ 12/11/2018-ലെ X-ാം നമ്പർ തീരുമാനം
5. മുഖ്യനഗരാസൂത്രകന്റെ 31/08/19-ലെ എഫ്2(ഇ 2)/8098/12 നമ്പർ കത്ത്.

ഉത്തരവ്

പരാമർശം (1) ഉത്തരവ് പ്രകാരം നെടുമങ്ങാട് ടൗൺ മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനുള്ള ഭരണാനുമതിയും ധനാനുമതിയും നഗരാസൂത്രണ വകുപ്പിന് ലഭിച്ചിരുന്നു. തുടർന്ന് പരാമർശം (2) പ്രകാരം നെടുമങ്ങാട് ഗ്രാമ പഞ്ചായത്ത് മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിന് തീരുമാനമെടുത്തിരുന്നു. എന്നാൽ പ്രസ്തുത കരട് മാസ്റ്റർ പ്ലാൻ ഭേദഗതി വരുത്തുന്നതിന് പരാമർശം (3)-ലെ നഗരസഭ കൗൺസിൽ തീരുമാനമെടുക്കുകയും അപ്രകാരം തയ്യാറാക്കിയ മാസ്റ്റർ പ്ലാൻ അംഗീകരിക്കുന്നതിനും പ്രസിദ്ധീകരണാനുമതിക്കുമായി സമർപ്പിക്കുന്നതിനും പരാമർശം (4) പ്രകാരം തീരുമാനമായി.

(2) നെടുമങ്ങാട് ടൗൺ മാസ്റ്റർ പ്ലാനിന് നഗര-ഗ്രാമാസൂത്രണ വകുപ്പിന്റെ സാങ്കേതികാനുമതി ഉണ്ടെന്നും കേരള ടൗൺ ആന്റ് കൺട്രി പ്ലാനിംഗ് ആക്റ്റ് വകുപ്പ് 36(1), 36(2) ഇവയിൽ നിഷ്കർഷിച്ചിട്ടുള്ള സമയപരിധിയും നടപടിക്രമങ്ങളും മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിൽ പാലിച്ചിട്ടുണ്ടെന്നും അതിനാൽ 2016-ലെ കേരള ടൗൺ ആന്റ് കൺട്രി പ്ലാനിംഗ് ആക്റ്റ് വകുപ്പ് 36(3) പ്രകാരം മാസ്റ്റർ പ്ലാനിന് പ്രസിദ്ധീകരണ അനുമതി നൽകാവുന്നതാണെന്ന് പരാമർശം (5) പ്രകാരം മുഖ്യനഗരാസൂത്രകൻ ശിപാർശ ചെയ്തിരിക്കുന്നു.

(3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മുഖ്യനഗരാസൂത്രകന്റെ ശിപാർശയുടെ അടിസ്ഥാനത്തിൽ നെടുമങ്ങാട് ടൗൺ മാസ്റ്റർ പ്ലാനിന് 2016-ലെ കേരള ടൗൺ ആന്റ് കൺട്രി പ്ലാനിംഗ് ആക്റ്റ് വകുപ്പ് 36(3) പ്രകാരം പ്രസിദ്ധീകരണ അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
സബിത.എസ്.ഡി.
ഗവ.ഡെപ്യൂട്ടി സെക്രട്ടറി

1. സെക്രട്ടറി, നെടുമങ്ങാട് നഗരസഭ
2. മുഖ്യനഗരാസൂത്രകൻ (പ്ലാനിംഗ്), തിരുവനന്തപുരം.
3. ജില്ലാ നഗരാസൂത്രകൻ, തിരുവനന്തപുരം (മുഖ്യനഗരാസൂത്രകൻ മുഖേന)
4. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ.